ശ്രീ. ടി. കൃഷ്ണൻ: കൊല്ലം വില്ലേജിൽപ്പെട്ട ശക്തികുളങ്ങരയുള്ള പത്തുരണ്ടായിരം കുടുംബങ്ങൾക്കുമാത്രം ഇപ്പോഴും വെള്ളം കിട്ടിക്കൊണ്ടിരിക്കുന്നുള്ളൂ. അതിനു അടുത്തുള്ള രാമൻകുളങ്ങര പടിഞ്ഞാറുവശത്തു താമസക്കാർക്കു ഇപ്പോഴും വെള്ളം കിട്ടുന്നില്ല എന്നുള്ളതു കൊണ്ടു ഈ വില്ലേജ് വാട്ടർസപ്ലൈ സ്കീം ശക്തികുളങ്ങര പഞ്ചായത്തു ഏരിയാമുഴുവനും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇപ്പോഴും പ്രത്യേകമായിട്ടു നിർദ്ദേശമില്ല. എന്നാൽ അതിന്റെ ഒരു ഭാഗമായിട്ടു വെള്ളം ആവശ്യത്തിനു കൊടുക്കാൻ ഒരു സ്കീം ഉണ്ടെന്നാണെന്റെ ഓർമ്മ.

റബ്ബർ പ്ലാന്റേഷൻ

* 736. [12] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷേത്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ പ്ലാന്റേഷനു് ഭൂമി പതിച്ചുകൊടുക്കുന്നതിനു് ഇപ്പോഴും വല്ല പദ്ധതിയും ഉണ്ടോ;

(ബി) ഇതുവരെ ഈ പദ്ധതിയനുസരിച്ചു തുടങ്ങിയ പ്ലാന്റേഷൻ തുപ്തികരമാംവിധം പുരോഗമിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കൂടുതൽ സ്ഥലം ഭൂരഹിതരായവർക്കു് നൽകുന്നതിനു എൻപ്പാടു ചെയ്യുമോ?

ക്ഷേത്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) ഈ പദ്ധതി തൽക്കാലത്തേക്കു നിറുത്തിവച്ചിരിക്കുകയാണു്.

(ബി) ഉണ്ടു്.

(സി) റബ്ബർപ്ലാന്റേഷനു പതിച്ചുകൊടുക്കുവാൻ പറഞ്ഞിയ വനഭൂമി കുറവായതുകൊണ്ടു തൽക്കാലം ഈ സ്കീമനുസരിച്ചു കൂടുതൽ ഭൂമി പതിച്ചുകൊടുക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. കെ. ആർ. വിജയൻ: മൊത്തം എത്ര ഏക്കർ ഭൂമിയാണു് വിതരണം ചെയ്യാനുദ്ദേശിച്ചിരുന്നതു്; അതിലെത്ര കൊടുത്തു എന്നു പറയാമോ ?

ശ്രീ. ഈ. പി. പൗലോസു്: ഏകദേശം 30,000 ഏക്കർ ഭൂമി കൊടുക്കണമെന്നുണ്ടായിരുന്നു. അതുമുഴുവൻ കൊടുത്തില്ല. ഉദ്ദേശം 7000 ഏക്കർ ഭൂമി കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. എ. ആൻറണി: കൊടുത്തിട്ടുള്ള ഭൂമിയിൽ ഓക്യുപൈ ചെയ്യാതിരിക്കുന്നതായിട്ടുള്ള ഭൂമി മറ്റുള്ളവർക്കു പതിച്ചുകൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. ഈ. പി. പൗലോസു്: മറ്റുള്ളവർക്കു പതിച്ചുകൊടുക്കും.

ശ്രീമതി കുസുമം : തൊടുപുഴ താലൂക്കിൽ റബ്ബർ കൃഷിക്കു പതിച്ചുകൊടുക്കാനായി ക്ലിയർചെയ്തു എടുത്ത ഭൂമി അതിനു ഉപയുക്തമല്ലാ എന്നു പറഞ്ഞു. അതു അങ്ങനെ നീക്കിവച്ചിരുന്നു എന്നാണു് മുമ്പു ഈ സഭയിൽ പറഞ്ഞിട്ടുള്ളതു്. അതു അങ്ങനെ റബ്ബർകൃഷിക്കുപയുക്തമല്ലാ എന്നു പ്രഖ്യാപിച്ചതുകൊണ്ടു അതു കിടപ്പാടമില്ലാത്തവർക്കു പതിച്ചു കൊടുക്കുന്നകാര്യം ആലോചിക്കുമോ?

ശ്രീ. ഈ. പി. പൗലോസു്: അതു റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നും തീരുമാനിക്കേണ്ടതാണു്. അതു ആക്കം കൊള്ളുകില്ലെന്നു പറഞ്ഞാൽ പിന്നെ കിടപ്പാടമില്ലാത്തവർക്കു കൊടുക്കുന്നതെന്തിനാണു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മത്തായി : റബ്ബർകൃഷിക്കായി തിരിച്ചുകൊടുത്തിട്ടുള്ള പ്ലാട്ടുകൾ ഉപേക്ഷിച്ചുപോയിരിക്കുന്നവരുടെ ധാരാളം പ്ലാട്ടുകളുണ്ട്. ആ പ്ലാട്ടുകൾ കൃഷിചെയ്യാൻ തയാറുള്ള മറ്റാളുകൾക്ക് കൊടുക്കുമോ?

ശ്രീ. ഇ. പി. പൗലോസ് : അങ്ങനെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തിരിച്ചു കൊടുക്കും. എന്നാൽ ലോണിനുള്ള പ്രയാസവുംകൂടി ആലോചിക്കണം. അവർ വാങ്ങിട്ടുള്ള ലോൺ, പെയ്തിട്ടുള്ള മോഹണ്ടം ഇതെല്ലാം തീരുമാനിക്കാൻ കുറച്ചു കാലതാമസം വരുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തൊടുപുഴയിൽ റബ്ബർകൃഷിക്കായി നീക്കിവച്ചിരുന്ന സ്ഥലത്തു ഒരു തീപിടുത്തം ഉണ്ടായതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അതിനു നഷ്ടപരിഹാരം കൊടുക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. ഇ. പി. പൗലോസ് : തൊടുപുഴക്കടുത്തു അങ്ങനെ തീപിടുത്തമുണ്ടായിട്ടില്ല. അങ്ങനെ തീപിടുത്തമുണ്ടായിട്ടുള്ളതായി പരാതി വന്നാൽ പ്രത്യേകം അവരുടെ കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്നു നോക്കാം. അങ്ങനെ ഒരു കേസ് വന്നിട്ടില്ല.

ശ്രീ. കെ. എം. ജോർജ് : റബ്ബർകൃഷിക്കായി കൊടുത്തിട്ടുള്ള ഭൂമിയിൽ പത്തു സെന്റിൽ കൂടുതൽ പാറയാണെങ്കിൽ അങ്ങനെയുള്ള സ്ഥലത്തിനു പകരം വേറെ സ്ഥലം അഡ്ജസ്റ്റുചെയ്തുകൊടുക്കുമോ; അങ്ങനെ കൊടുക്കാമെന്നു പറഞ്ഞിട്ടുള്ളതാണ്. അതനുസരിച്ചു സ്ഥലം കിട്ടാത്തതായ ആളുകൾ കാളിയാർ പ്രദേശത്തുണ്ട്.

ശ്രീ. ഇ. പി. പൗലോസ് : അതു കുറെ ബുദ്ധിമുട്ടുള്ള കാര്യമാണ്. പാറയൊക്കെ തിട്ടപ്പെടുത്തി സ്ഥലം കൊടുക്കാനൊക്കുകയില്ല. തീരെ മോശമാണെന്നു കണ്ടതിനു വേറെ സ്ഥലം കൊടുത്തിട്ടുണ്ട്.

ശ്രീമതി എ. നഫീസത്തുബീവി : അങ്ങനെ റബ്ബർകൃഷിക്കു പറ്റാത്തതായ സ്ഥലം കിട്ടിയിട്ടുള്ളതിനുപകരം വേറെ സ്ഥലം കൊടുക്കണമെന്നുള്ള അപേക്ഷ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെ ആലപ്പുഴയിൽ നിന്നും കുറെ ആളുകൾ പരാതിപ്പെട്ടിട്ടുണ്ട്. അതു ഒന്നു ദയവായി പരിഗണിക്കുമോ?

ശ്രീ. ഇ. പി. പൗലോസ് : അതു മൂക്കന്നിമലയിൽ കൊടുത്തിട്ടുള്ള സ്ഥലങ്ങളാണ്. അതു വളരെ മോശമാണെന്നും, അവിടെ വെള്ളത്തിന്റെ ക്ഷാമംമൂലവും മറ്റും റബ്ബർ ഉണങ്ങി നഷ്ടപ്പെടുകയാണെന്നും പറയുന്നു. പക്ഷേ ഈ ലാന്റു എല്ലാം കൊടുത്തുകഴിഞ്ഞു അവർ പോയി ആ സ്ഥലത്തു കൃഷിയും ചെയ്തു. ഇനി എന്തുചെയ്യാൻ കഴിയുമെന്നാലോചിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് എന്തെങ്കിലും ആശ്വാസം നൽകുവാൻ കഴിയുമോ എന്നുള്ളകാര്യം ഗവണ്മെന്റു ആലോചിക്കാം.

കോഴിക്കോട്ട് വിമാനത്താവളം

* 737. [13] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ട് വിമാനത്താവളം നിർമ്മിക്കുന്നതിനു അവസാന തീരുമാനം എടുത്തതായി ഈ ഗവണ്മെന്റിനു വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്ഥലം എവിടെയാണ്;

(സി) വിമാനത്താവളം സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly